# MAR BASIL HIGHER SECONDARY SCHOOL

KOTHAMANGALAM




# Right Click

to continue...

Little Kites 2019-2020

# Digital Magazine
# 2019-2020




ലിറ്റിൽ കൈറ്റ്സ്
മാർ ബേസിൽ ഹയർസെക്കണ്ടറി സ്കൂൾ
കോതമംഗലം

MAR BASIL H S S -LITTLE KITES

# MLA



## ആശംസകൾ

കോതമംഗലം മാർ ബേസിൽ ഹയർ സെക്കണ്ടറി സ്കൂളിലെ "ലിറ്റിൽ കൈറ്റ്സ്" തയ്യാറാക്കിയിരിക്കുന്ന ഡിജിറ്റൽ മാഗസിൻ വ്യത്യസ്തവും തനിമയേറിയതുമാണ്. സ്കൂൾ തലത്തിലെ വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ അനാവരണം ചെയ്തിരിക്കുന്ന "റൈറ്റ് ക്ലിക്" ചിട്ടയായി ക്രമീകരിച്ചിട്ടുണ്ട്. റൈറ്റ് ക്ലിക് ന്റെ എല്ലാ അണിയറ പ്രവർത്തകർക്കും എല്ലാ വിധ ഭാവുകങ്ങളും ആശംസിക്കുന്നു.

ആന്റണിജോൺ
എം.എൽ.എ., കോതമംഗലം

# CHAIR PERSON



**Manju Cyju**
*Chairperson*

**Municipal Counc**
Kothamangalam - 686 6
Mob : 90483700
0485 2815942 (
0485 2822160 (C

Date.................................

Dear Management, Staff, Parents and prospective students of Mar Basil Higher Secondary School, Kothamangalam.

Being the first institution of Marthoma Cheriyapally Management in the field of public education reflecting the vision of knowledge, I wish all the success for Little Kites programme organized in this school to empower the students in the field of Information Technology to meet the present day needs of our country and the world.

Manju Cyju,

Chairperson,

Kothamangalam Municipality.

# VICAR



**ആശംസകൾ**

കോതമംഗലം മാർ ബേസിൽ ഹയർ സെക്കണ്ടറി സ്കൂളിലെ "ലിറ്റിൽ കൈറ്റ്സ്" കുട്ടികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്ന "റൈറ്റ് ക്ലിക്" ഡിജിറ്റൽ മാഗസിന് സർവ്വവിധ മംഗളങ്ങളും നേരുന്നു.

ഫാ. ജോസ് പരത്തുവയലിൽ
വികാരി
മാർ തോമ ചെറിയപള്ളി,
കോതമംഗലം

# MANAGER



ലിറ്റിൽ കൈറ്റ്സ് കുട്ടികൾ
ഒരു ഡിജിറ്റൽ മാഗസിൻ
തയ്യാറാക്കുന്നു എന്ന് അറിഞ്ഞതിൽ
അതിയായ സന്തോഷമുണ്ട്.
വിവരസാങ്കേതിക വിദ്യയുടെ
എല്ലാ സാധ്യതകളും
ഉൾക്കൊണ്ടു കൊണ്ട്
സർഗ്ഗ സൃഷ്ടികൾക്ക് പുതിയ മുഖം
നൽകാൻ ഡിജിറ്റൽ മാഗസിനിലൂടെ കഴിയട്ടെ.
എല്ലാ ആശംസകളും ...

# PRINCIPAL



ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന
ഡിജിറ്റൽ മാഗസിൻ
ഒരു കന്നി സംരംഭമാണെന്നും
ധാരാളം രസകരമായ കഥകളും
കവിതകളും ലേഖനങ്ങളും
ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും അറിയാൻ കഴിഞ്ഞു.
ഭാവനയുടെ  മികവുകളും
സാങ്കേതിക വിദ്യയുടെ മേന്മകളും
ഒത്തിണങ്ങുന്ന ഒരു സൃഷ്ടിയാകട്ടെ
ലിറ്റിൽ കൈറ്റ്സിന്റെ മാഗസിൻ
എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

Eldhose K.Y

# HEADMISTRESS



സാങ്കേതികവിദ്യയോടുള്ള
പുതു തലമുറയുടെ ആഭിമുഖ്യം
ഗുണപരമായും സർഗാത്മകമായും
പ്രയോജനപ്പെടുത്തുന്നതിനായി
ലിറ്റിൽ കൈറ്റ്സ് കുട്ടികൾ
ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ
വളരെ സന്തോഷമുണ്ട്.
കാലത്തിന്റെയും ദേശത്തിന്റെയും
മാറി വരുന്ന അഭിരുചികൾക്കും
അവബോധങ്ങൾക്കുമനുസരിച്ച്
ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ
ഈ പദ്ധതിയിലൂടെ സാധിക്കട്ടെ
എന്ന് ആശംസിക്കുന്നു

SHYBI K ABRAHAM

## PTA PRESIDENT



ലിറ്റിൽ കൈറ്റ്സ്
കുട്ടികളുടെ പുതു സംരംഭമായ
ഡിജിറ്റൽ മാഗസിൻ“റൈറ്റ് ക്ലിക്”
സാങ്കേതിക വിദ്യയിലുള്ള
കുട്ടികളുടെ വളർച്ചയുടെ പ്രതിഫലനം ആണ്.
ഇതൊരു നല്ല തുടക്കമാകട്ടെ.
എല്ലാ ആശംസകളും.....

P K SOMAN


# EDITORIAL

കോതമംഗലത്തിന്റെ വിജ്ഞാനദീപം മാർ ബേസിൽ സ്കൂൾ സമസ്ത മേഖലകളിലും ഉജ്ജ്വലപ്രകാശം പരത്തികൊണ്ട് ഒരു നിറദീപമായി തെളിഞ്ഞു കത്തുന്നു.ഓരോ പുതിയ കാൽവയ്പ്പുകൾക്കും ശക്തി പകരുന്ന സർവ്വശക്തന് പ്രണാമം.

ഓരോ കുട്ടിയും ഒരു നവമുകളമാണ്. ഒരു ചിത്രശലഭത്തിന്റെ പ്യൂപ്പ പോലെ ഒരിക്കൽ ഒരു സുന്ദരമായ ചിത്രശലഭമായി മാറേണ്ടവർ. ഓരോ പുതിയ സംരംഭങ്ങളും അതിലേക്കുള്ള ചുവടുവയ്പ്പുകളാണ്. മാർ ബേസിലിന്റെ ചരിത്രത്തിൽ ഒരു പൊൻതൂവൽ കൂടി ചേർത്തുകൊണ്ട് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ **'റൈറ്റ് ക്ലിക്'**ഉം ഉയർച്ചയിലേക്കുള്ള ഒരു കാൽവയ്പ്പാകട്ടെ...

**കൈറ്റ് മിസ്ട്രസ്**

**രഞ്ജിൻ തോമസ്**
**സിജി സ്ക്കറിയ**



# Editorial Group



MAR BASIL H S S -LITTLE KITES

# സ്കൂൾ ചരിത്രം




മലങ്കരയിലെ പ്രധാനതീർത്ഥാടനകേന്ദ്രവും കോതമംഗലത്തിന്റെ എല്ലാ ഐശ്വര്യത്തിന്റേയും ശക്തി ചൈതന്യവുമായ വിശുദ്ധ മാർത്തോമ ചെറിയപള്ളിയുടെ ഉടമസ്ഥതയിൽ വരുന്ന മഹാ പരിശുദ്ധനായ യൽദോ മാർ ബസേലിയോസ് ബാവായുടെ പരിപാവനനാമത്തിൽ ആരംഭിച്ച പ്രഥമ സ്ഥാപനമാണിത്.

സത്യവിശ്വാസ സംരക്ഷകനായ പരിശുദ്ധ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെയും സഭയിലെ മറ്റ് മേലധികാരികളുടേയും ഇടവകയിലേയും സമൂഹത്തിലേയും ശ്രേഷ്ട വ്യക്തികളുടേയും പരിശ്രമത്തിന്റെ ഫലമായി കോതമംഗലത്തിന്റെ ഹൃദയഭാഗത്ത് 1936-ൽ മാർ ബേസിൽ ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു.

1961-ൽ നമ്മുടെ രജത ജൂബിലി ആഘോഷത്തിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. പട്ടംതാണുപിള്ള, ഉപരാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു. 1986-ൽ ഈ സ്ഥാപനത്തിന്റെ കനക ജൂബിലി ആഘോഷിച്ചു.

പരിശുദ്ധ പാത്രിയർക്കീസ് ബാവാമാരായ ഇഗ്നാത്തിയോസ് യാക്കോബ് കകക, ഇഗ്നാത്തിയോസ് സക്കാ ഇവാസ്ക, കിഴക്കിന്റെ കാതോലിക്കയും മലങ്കരയുടെ പ്രകാകഗോപുരവുമായ ബസേലിയോസ് പൗലോസ് കക, പുണ്യശ്ലോകനായ മാർ യൂലിയോസ്, തോമസ് പ്രഥമൻ ബാവാ എന്നീ വ്യക്തികളുടെ പാദ സ്പർശത്താൽ ധന്യമാണ് ഈ കലാലയം.

ഇപ്പോൾ 2600 വിദ്യാർത്ഥികളും നൂറോളം അദ്ധ്യാപകരും അനദ്ധ്യാപകരും ഉള്ള നമ്മുടെ സ്ഥാപനം കൂടുതൽ ഉയരങ്ങളിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. ഈ പവിത്രവും, ശുഭകരവുമായ എല്ലാ നേട്ടങ്ങളിലും സ്കൂൾ മാനേജ്മെന്റിന്റെ സഹകരണത്തിന് വലിയ പങ്കുണ്ട്. മാത്രമല്ല പരിശുദ്ധ ബസേലിയോസ് ബാവായുടെ അനുഗ്രഹവുമാണ് ഈ സ്കൂളിന്റെ പരമ ശുഭ വിജയത്തിന്റേയും അടിത്തറ.



# വാസരവൃഷ്ടി

അനന്തമാം ആകാശവീഥിയിൽ നിന്നവ-
ളെന്നെ നോക്കി താഴേയ്ക്കുതിർന്നുവീണു.
ആയിരമാലിപ്പഴമന്നെനിയ്ക്കായവൾ
മണ്ണിന്റെ മാറിലെറിഞ്ഞു.
വിരിക്കണ്ണുമായ് നിന്നു ഞാൻ അങ്കണ
പൂമരത്തൈയ്യിന്റെ ചോട്ടിലായ്
രമ്യ മഖര സ്വരത്തിന്റെ പാതയിൽ
ഋതുവിന്റെ സുന്ദരി വന്നണഞ്ഞു.
ഇന്ദ്രനാം ദേവന്റെ സങ്കടം ചോരുമ്പോൾ
നിഹാരാർദ്രം പകരുന്നിതാ.
ദേവന്റെ ദയാമയനാകുമ്പോഴൊക്കെയും
മണ്ണിലേക്കൊരു നവയാത്രയായ്.
പദന്യാസം കേട്ടു വാതിക്കൽ നിന്നപ്പോൾ
ഞാനറിയാതെ കരാംഗുലി ഈർപ്പമായ്.
മലയജ മസൃണ കുളിരു പകരുമ്പോൾ
ലസജ്ജല കന്യകയാകുന്നു ഞാൻ.
മൻമാരി മങ്ങിയ വിനിലേക്കെപ്പൊഴോ
തിരികെ പ്രയാണം തുടങ്ങിയപ്പോൾ
ദിവാ സ്വപ്നം പോലെയാ
വാസര വർഷമെൻ അകതാരിലൂടിഴഞ്ഞു.
ചേമ്പില തൈകൾ വിതറിയ കണികകൾ
എവിടെയോ മാഞ്ഞു മറഞ്ഞുപോയ്
തമസ്സിൽ അടിപ്പെട്ട വിണ്ണിന് നൽകാൻ
ദേവനയച്ചൊരു മഴവില്ലിനാൽ
മാരിതൻ ഓർമ്മ മയങ്ങുമ്പോഴുമുള്ളിൽ
കുളിരു പകരുവാൻ വന്നണഞ്ഞു.
മാരി മലയാള മണ്ണിന്റെ നെറുകയിൽ
വീഴുവാൻ ഇനി നമുക്ക് കാത്തിരിക്കാം.

# എന്റെ പ്രഭാതം

സൂര്യൻ മെല്ലെ മെല്ലെ കണ്ണ് തുറന്നു. മുറ്റത്തെ തൊടിയിൽ കിളികൾ ചിലച്ച് തുടങ്ങി. അവിടെ നിന്ന പനിനീർപൂവിൽ മഞ്ഞ് തുള്ളികൾ ഉറങ്ങിക്കിടന്നിരുന്നു. അവ സൂര്യകിരണങ്ങളുടെ സ്പർശനമേറ്റ് വെള്ളി മുത്തുകൾപോലെ വെട്ടിത്തിളങ്ങി. പൂവിലെ തേൻ നുകരാൻ വർണശലഭങ്ങൾ പറന്നെത്തി. മനസ്സിൽ മഞ്ഞ് തുള്ളിതൻ സ്പർശനമായ് മേഘ സന്ദേശങ്ങൾ നീല വാനിൽ പറന്ന് നടന്നു.

മഞ്ഞ് വീണ താഴ്‌വരയിലൂടെ രാക്കിളിയുടെ സംഗീതം കേട്ട് കണിക്കൊന്ന പൂക്കൾ വീണ പാതയിലൂടെ മന്ദമാരുതന്റെ സ്നേഹസ്പർശനമേറ്റ് നടന്ന് നീങ്ങി. മഞ്ഞിൽ നിന്ന മരത്തിന്റെ പൂമരക്കൊമ്പിൽ കെട്ടിയ ഊഞ്ഞാലിൽ ഞാൻ തനിച്ച് ഇരുന്നു. ആ പൂമരക്കൊമ്പിൽനിന്നും വീണ ചെറു പൂക്കൾ മനസ്സിന്റെ ശിശിരത്തിൽ ഓർമ്മകൾ നിറച്ച് നിലത്ത് പാറിക്കളിച്ചു. മാരുതന്റെ സ്പർശനമേറ്റ് എന്നെ തലോടിയ പൂക്കൾ മഞ്ഞ് തുള്ളിയായി അനുഭവപ്പെട്ടു.

വഴി തെറ്റിയ ശിശിരം എങ്ങോ പോയപ്പോൾ കാത്തിരുന്ന ചെറു പൂക്കളേപോലെ ഞാനും ആ പൂമരത്തണലിൽ ഇരുന്നു. ജനുവരിയിലെ തൂ മഞ്ഞിൽ നനഞ്ഞു നിന്ന എന്നെ അണ്ണാറക്കണ്ണന്റെ തേന്മാവിൻ ചുവട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയ മന്ദമാരുതന്റെ സ്നേഹസ്പർശത്താൽ പൂമരത്തിലെ ചെറു പൂക്കളായ് ഞാനും പുനർജനിച്ചു.






ജ്ഞാനപീഠ ജേതാവും മലയാളത്തിലെ പ്രശസ്ത നോവലിസ്റ്റുമായ എം.ടി. വാസുദേവൻ നായർ തിരക്കഥ എഴുതിയ മലയാള ചലച്ചിത്രമാണ് കേരളവർമ്മ പഴശ്ശിരാജ. ഹരിഹരൻ സംവിധാനം ചെയ്ത ഈ ചിത്രത്തിൽ കേരളവർമ്മ പഴശ്ശി രാജയായി പത്മശ്രീ മമ്മൂട്ടിയും അദ്ദേഹത്തിന്റെ വലങ്കയ്യനായ എടച്ചനക്കുങ്കൻ ആയി ശരത്കുമാറും വേഷമിടുന്നു. ശബ്ദമിശ്രണത്തിൽ ഓസ്കാർ അവാർഡ് ജേതാവായ റസൂൽ പൂക്കുട്ടിയുടെ ശബ്ദമിശ്രണവും ഈ ചിത്രത്തിന്റെ നിർമ്മാ ണത്തിന് സഹായകമാവുന്നു.

ബ്രിട്ടീഷുകാരെ വിറപ്പിച്ച കേരള സിംഹം എന്നറിയപ്പെട്ട പഴശ്ശിരാജയുടെ ജീവിതകഥയെ വളരെ തനിമയോടെ നിർമ്മിക്കാൻ ഈ ചലച്ചിത്രത്തിന്റെ അണി യറ പ്രവർത്തകർക്ക് സാധിച്ചിരിക്കുന്നു. ചരിത്രകാല സ്വാതന്ത്ര്യ സമരങ്ങളെ മന സ്സിലേക്കെത്തിക്കുന്ന ഈ ബിഗ് ബഡ്ജറ്റ് ചിത്രം മലയാള സിനിമാ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. ടിപ്പു സുൽത്താനെഉന്മൂലനം ചെയ്യാൻ പഴശ്ശിരാജ സഹാ യിച്ചുവെങ്കിലും പിന്നീട് ബ്രിട്ടീഷുകാർ പഴശ്ശിരാജയെ എതിർത്തതോടെ പഴശ്ശി രാജ വയനാട്ടിലെ കുറിച്ച്യരെയും മാപ്പിളമാരെയും അണിനിരത്തി ബ്രിട്ടീഷു കാർക്കെതിരെ പോരാട്ടം നയിക്കുന്നു.

കഥാന്ത്യംവരെ പ്രേക്ഷകരെ പിടിച്ചിരുത്തുന്ന വശീകരണ ശക്തിയുള്ള സംവി ധാനമാണ് ഹരിഹരന്റേത്. എങ്കിലും ധാരാളം പോരായ്മകൾ നിറഞ്ഞതാണ് ഈ ചിത്രം. അതുകൊണ്ടാണ് ഗോവ ഫിലിം ഫെസ്റ്റിവലിൽ തഴയപ്പെട്ടത്. എങ്കിലും സ്വാതന്ത്ര്യ സമര ചരിത്രം സിനിമയാക്കാൻ കഴിഞ്ഞത് ഒരു മഹത്തായ കാര്യമാണ്.

# കായിക പരിശീലനം




കേവലം പാഠപുസ്തകങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന വിദ്യാഭ്യാസ രംഗം ഇന്ന് പ്രശക്തി ആർജിക്കുന്ന പല മേഖലകളിലൂടെ വികാസം പ്രാപിച്ചിരിക്കുന്നു. വികാസത്തിന്റെ മുഖ്യ പങ്കും കായിക പരിശീലനത്തിലൂടെ നേടിയതാണ്. ദേശീയ സ്കൂൾ മീറ്റിലും മറ്റും കൊടുംകാറ്റ് പോലെ പാഞ്ഞെത്തുന്ന നമ്മുടെ ചുണക്കുട്ടന്മാരെ കാണുമ്പോഴാണ് നാം കായിക പരിശീലനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നത്. ഈ വർഷത്തെ സംസ്ഥാനസ്കൂൾ കായികമേളയിൽ ജേതാക്കളായ ബേസിൽ സ്കൂളിന്റെ വിജയം എടുത്തു പറയേണ്ട ഒന്നാണ്. മികച്ച കായിക വിദ്യാഭ്യാസവും ആത്മവിശ്വാസവുമാണ് ഇവരെ വിജയത്തിലേയ്ക്ക് നയിച്ചത്. മാത്രമല്ല കേരളത്തിലെതന്നെ കായകക്ഷമത ടെസ്റ്റിൽ മികച്ച വിജയം വരിച്ച സ്കൂളാണ് മാർ ബേസിൽ.

വിദ്യാഭ്യാസ മേഖലയിൽ പണ്ട് ശ്വാസംമുട്ടലിന്റെ ധ്വനിയാണ് ഉയർന്നിരുന്നതെങ്കിൽ ഇന്ന് കാലത്തിന്റെ പുരോഗതിയിൽ ഈ ധ്വനി കൂടുതൽ ആസ്വാദ്യകരമായി ഭവിച്ചു. ചിട്ടയായ പരിശീലനവും മികച്ച നിർദ്ദേശങ്ങളും ആണ് കായിക വിദ്യാഭ്യാസത്തിന്റെ അടിത്തറ. പൊതു വിദ്യാഭ്യാസത്തിന് ഒട്ടേറെ ഗുണങ്ങൾ പ്രദാനം ചെയ്യാൻ ഈ മേഖലയ്ക്ക് കഴിഞ്ഞു. എന്നാൽപോലും രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും ഈ സമ്പ്രദായം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. ലോവർ പ്രൈമറി തലം മുതൽ കായിക വിദ്യാഭ്യാസം നിർബന്ധമാക്കണം.

കായിക വിദ്യാഭ്യാസം വിദ്യാഭ്യാസ മേഖലയിൽ മുഖ്യധാരയാണ്. പരീക്ഷകളിൽ കായിക പരിജ്ഞാനവും വിലയിരുത്തപ്പെടണം. ഇത്രയും കാര്യങ്ങൾക്ക് പ്രാധാന്യ നൽകിയാൽ രാജ്യം കായിക പരിശീലനത്തിന്റെ കാര്യത്തിൽ പൂർണ്ണ നേട്ടം കൈവരിക്കും എന്ന കാര്യം ഉറപ്പാണ്. മറിച്ച് സംഭവിച്ചാൽ കായിക പരിശീലനം വെറും നാമമാത്രം ആയി അവശേഷിക്കും.

സ്കൂൾ തലം മുതൽ ദേശീയ തലം വരെ ഇന്ന് കായിക മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരം കായികമേള നമ്മുടെ കായികരംഗത്തെ വളരെ അധികം സ്വാധീനിക്കുന്ന ഒന്നാണ്. വിദ്യാഭ്യാസം കൊണ്ട് ശാരീരികവും മാനസീകവും ആയ വികാസമാണ് ലക്ഷ്യം വയ്ക്കുന്നത്. അതിന് കായിക പരിശീലനം കൂടിയേ തീരൂ. ധീരമായ മനസ്സും ഉരുക്കിന്റെ പേശികളുമുള്ള യുവതി യുവാക്കളെയാണ് ഭാരതത്തിന് ആവശ്യം. ഈ സംരഭം അതിന് പ്രചോദമാകട്ടെ എന്ന് ആശംസിക്കുന്നു.



# നാനോ ടെക്നോളജി

**കമ്പ്യൂട്ടർ ധരിച്ച് നടക്കാം**

വസ്ത്രധാരണരംഗത്ത് വിപ്ലവകരമായ പല മാറ്റങ്ങളും വന്നിട്ടുള്ളതായി നമുക്കറിയാം. ഫാഷൻ ഡിസൈനിംഗ് അനുദിനം വളരുന്നു. ഇപ്പോളിതാ വസ്ത്രനിർമ്മാണരംഗത്തും നാനോ വിസ്മയം സൃഷ്ടിക്കുകയാണ്.

1990 കളിൽ എം.ഇ.റ്റി. യുടെ നേതൃത്വത്തിൽ ധരിക്കാവുന്ന കമ്പ്യൂട്ടർ വികസിപ്പിച്ചെടുത്തു. സൈനിക ആവശ്യങ്ങളിൽ നിന്നു തുടങ്ങി ഫാഷൻ രംഗത്തും ചൂടുള്ള വിഭവമായി ഇത് മാറി. ചുറ്റുപാടുകൾക്കനുസരിച്ച് നിറം മാറാനും താപനിലയ്ക്കനുസരിച്ച് കരീരത്തിന് സംരക്ഷണം നൽകാനുമെല്ലാം ഈ വസ്ത്രങ്ങൾക്ക് കഴിയും.

**ടെലി പോർട്ടേഷൻ**

ടെലിഫോൺ, ഫാക്സ് തുടങ്ങിയവയെല്ലാം നമുക്ക് സാധാരണമാണ്. ശബ്ദവും വിവരവും ഇങ്ങനെഞൊടിയിടയിൽ അയക്കുന്നപോലെ ഒരു വസ്തുവിനേയും ഞൊടിയിടയിൽ വിദൂരങ്ങളിലേയ്ക്ക് എത്തിക്കാനായാലോ? ഇപ്പോഴിതാ നാനോ ടെക്നോളജി ഈ രംഗത്തും പ്രവേശനം ചെയ്തുകഴിഞ്ഞു.

അതായത് ഇരിക്കുന്ന ഇരുപ്പിൽ നിന്ന് സഞ്ചരിക്കാതെ വിദൂരങ്ങളിൽ എത്താവുന്ന അവസ്ഥ. ഈ വിദ്യയാണ് ടെലി പോർട്ടേഷൻ. ഒരു വസ്തുവിനെഒരു ബിന്ദുവിൽനിന്ന് അപ്രത്യക്ഷമാക്കി അതിന്റെ കൃത്യമായ ആറ്റോമിക് ഘടനമറ്റൊരു സ്ഥലത്തേയ്ക്ക് അയച്ച് വസ്തുവിനെപുനഃസൃഷ്ടിക്കുന്ന പ്രക്രിയയാണ് ഇത്. 1998-ൽ കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ശാസ്ത്രജ്ഞർ ഒരു ഫോട്ടോണിനെഇപ്രകാരം ടെലിപോർട്ട് ചെയ്തു. മനുഷ്യനെതന്നെ ഇങ്ങനെടെലിപോർട്ട് ചെയ്യാൻ കഴിയുന്ന കാലം വിദൂരമല്ല.

നാനോ ടെക്നോളജി ഒരു പുത്തൻ യുഗത്തിന്റെ തുടക്കമാണ്. ശാസ്ത്ര സമവാക്യങ്ങളെ ഇത് തിരുത്തിക്കുറിക്കും. തീർച്ച...



# കേരള സാഹിത്യ അക്കാദമിയിലേയ്ക്ക്

എറണാകുളം കൊച്ചിയിൽ നിന്നും രാവിലെ ഒമ്പത് മണിക്ക് യാത്ര ആരംഭിച്ചു. കഥകൾ പറയുന്ന കായൽപ്പരപ്പുകളും നഗരത്തിലെ കൂറ്റൻ കെട്ടിടങ്ങളും ഞങ്ങളെ ആവേശഭരിതരാക്കി. പോകുന്ന വഴിക്ക് ഇടപ്പള്ളിയിലെ ചങ്ങമ്പുഴ സ്മാരകത്തിൽ ഇറങ്ങി. മലയാളത്തിലെ കാല്പനിക കവി ചങ്ങമ്പുഴ അന്ത്യ വിശ്രമം കൊള്ളുന്ന സ്ഥലം ഏറെ വികാരാവേശത്തോടെ ഞങ്ങൾ നോക്കിക്കണ്ടു.

മഞ്ഞണിഞ്ഞു മദാലസയായി<br>
മഞ്ജുചന്ദ്രിക നൃത്തമാടുമ്പോൾ

തുടങ്ങിയ വരികൾ ഞങ്ങൾ കണ്ണീരോടെ വായിച്ചു. കവിയുടെ സാമിപ്യം ഒരു കുളിർകാറ്റിലൂടെ ഞങ്ങളറിഞ്ഞു. ഓർമയുടെ താഴ്വാരങ്ങളിൽ രമണന്റെ നിശ്വാസം പുഞ്ചിരിച്ചു നിൽക്കുന്ന ചന്ദ്രിക എല്ലാം ഒരു മായിക സ്വപ്നം പോലെ തെളിഞ്ഞു. ഉച്ചതിരിഞ്ഞ് മൂന്ന് മണിയ്ക്ക് ഞങ്ങൾ തൃശ്ശൂരിലെ കേരള സാഹിത്യ അക്കാദമിയിൽ എത്തിച്ചേർന്നു. അക്കാദമിയിലെ ലൈബ്രറിയിലേയ്ക്കാണ് ഞങ്ങൾ ആദ്യം പ്രവേശിച്ചത്. വിലപിടിപ്പുള്ള ഗ്രന്ഥങ്ങൾ അക്ഷരമാലാ ക്രമത്തിൽ അടുക്കിയടുക്കി വച്ചിരിക്കുന്നു. ചില ഗവേഷണ വിദ്യാർത്ഥികളെ ഞങ്ങൾ അവിടെ പരിചയപ്പെട്ടു. പുസ്തകങ്ങൾ ഞങ്ങളെ മാടിവിളിക്കുന്നതുപോലെ തോന്നി.

കേരളത്തിലെ മൺമറഞ്ഞുപോയ സാഹിത്യ കാരന്മാരാൽ അലംകൃതമായ ഒരു ഹാളിലേയ്ക്കാണ് ഞങ്ങൾ പിന്നീട് പോയത്. ഞങ്ങളത് കൺകുളിർക്കെ കണ്ടു.

ചോരതുടിക്കും ചെറുകയ്യുകളേ<br>
പേറുക വന്നീ പന്തങ്ങൾ

എന്ന വരികൾ മഹാകവി വൈലോപ്പിള്ളിയുടെ ചുണ്ടിൽനിന്നും വരുന്നതുപോലെ തോന്നി. അഞ്ച് മണിയോടെ ഞങ്ങൾ ഹാളിൽനിന്നും ഇറങ്ങി. പിന്നീട് അടുത്ത സ്ഥലത്തേയ്ക്ക് യാത്ര തിരിച്ചു.



# കണക്കിലെ കളികൾ

**തൂക്കകട്ടികൾ**

ഒരു കച്ചവടക്കാരൻ നാല് തൂക്കകട്ടികൾ മാത്രം ഉപയോഗിച്ച് 40 കിലോഗ്രാം വരെയുള്ള പൂർണമായ ഭാരം തൂക്കി കൊടുക്കുന്നു. ഏതൊക്കെയായിരിക്കും ആ നാല് തൂക്ക കട്ടികൾ?

1 കിലോഗ്രാം. 3 കിലോഗ്രാം, 9 കിലോഗ്രാം, 27 കിലോഗ്രാം എന്നിവയാണ് നാല് തൂക്ക കട്ടികൾ. ഇവ ഉപയോഗിച്ച് 40 കിലോഗ്രാം വരെയുള്ള ഏത് പൂർണ്ണ സംഖ്യയായ ഭാരവും തൂക്കിയെടുക്കാം.

**എപ്പോഴും ഫലം 100**

പൂജ്യമല്ലാത്ത 10-ൽ കുറവായ ഒരു സംഖ്യ വിചാരിക്കുക. അതിനോട് 29 കൂട്ടുക. അവസാനത്തെ അക്കം തള്ളിക്കളയുക. ശേഷിക്കുന്ന സംഖ്യയെ 10 കൊണ്ട് ഗുണിക്കുക. ഈ ഫലത്തോട് നാല് കൂട്ടുക. ശേഷം മൂന്ന് കൊണ്ട് ഗുണിക്കുക. ഫലത്തിൽ നിന്ന് രണ്ട് കുറച്ചാൽ ഫലം എപ്പോഴും 100 ആയിരിക്കണം.

**എപ്പോഴും ഫലം 1089**

ഒരു മൂന്നക്ക സംഖ്യ വിചാരിക്കുക. അതിലെ അക്കങ്ങൾ തിരിച്ചിട്ട് കിട്ടുന്ന മറ്റൊരു സംഖ്യയുമായി വ്യത്യാസം കാണുക. കിട്ടിയ ഉത്തരങ്ങളും വീണ്ടും തിരിച്ചിട്ട് കിട്ടുന്ന മറ്റൊരു മൂന്നക്ക സംഖ്യ കണ്ടെത്തുക. ഈ സംഖ്യകളുടെ തുക എപ്പോഴും 1089 ആയിരിക്കും.

**എപ്പോഴും ഫലം 37**

പത്തിൽ കുറഞ്ഞ ഒരു സംഖ്യയെ അഞ്ച് കൊണ്ട്, രണ്ട് കൊണ്ട് ഗുണിച്ച് ഫലത്തിൽനിന്ന് വിചാരിച്ച സംഖ്യ കുരറയ്ക്കുക. ഇതിന്റെ അക്കങ്ങൾ കൂട്ടി ഫലത്തോട് രണ്ട് കൂട്ടി വർഗം കാണുക. ഇതിൽനിന്ന് 10 കൊണ്ട് കുറച്ച് അഞ്ച് കൊണ്ട് ഹരിച്ചാൽ ഫലം എപ്പോഴും 37 ആയിരിക്കും.

**തുടക്കത്തിൽ തന്നെ വീണ്ടും**

ഒരു സംഖ്യ വിചാരിക്കുക. അതിനെരണ്ട് കൊണ്ട് ഗുണിച്ച് നാല് കൂട്ടി അഞ്ച് കൊണ്ട് ഗുണിച്ച് 12 കൂട്ടി 10 കൊണ്ട് ഗുണിച്ച് 320 കുറയ്ക്കുക. ഈ ഫലത്തെ 100 കൊണ്ട് ഹരിച്ചാൽ വിചാരിച്ച സംഖ്യ തന്നെ കിട്ടുന്നു.

# മേഘസന്ദേശം

ഹിരോഷിമ ഇനി
ആവർത്തിക്കാതിരിക്കട്ടെ

യുദ്ധം ആദർശമല്ല
അവകാശ ലംഘനമാണ്

യുദ്ധം വിനാശകാരിയാണ്
ദുഃഖത്തിന്റെ ഉറവിടവുമാണ്

യുദ്ധം ഒന്നിന്റേയും ഒടുക്കമല്ല
നാശത്തിന്റെ ആരംഭമാണ്

ലോകാ സമസ്താ
സുഖിനോ ഭവന്തു

യുദ്ധം നാശത്തിന്റെ
കൊടുങ്കാറ്റ്

# ഔഷധങ്ങളും തേടി

ആയുർവേദം ഒരു ജീവശാസ്ത്രം എന്നതിലുപരി കേരളത്തിൽ വളർന്നുവരുന്ന ഒരു വ്യവസായം കൂടിയാണ്. ആരോഗ്യ സംരക്ഷണത്തിനായി പുരാതനകാലം മുതൽക്കേ മനുഷ്യർ സസ്യങ്ങളെ ഉപയോഗപ്പെടുത്തുന്നു. ഏതാണ്ട് രണ്ടായിരത്തോളം സസ്യങ്ങൾ ഔഷധമായി ഉപയോഗിക്കുന്നുണ്ട്. നമ്മുടെ നാട്ടിലെ ചികത്സാ സമ്പ്രദായമായ ആയുർവേദം ചികിത്സയ്ക്ക് പ്രധാനമായും ആശ്രയിക്കുന്നത് ഔഷധികളെയാണ്.

ആയുർവേദ ഔഷധ നിർമ്മാണ രംഗത്ത് സസ്യഔഷധങ്ങളും ഖനിജ ദ്രവ്യങ്ങളും ജന്തു ദ്രവ്യങ്ങളും ഉപയോഗിക്കുന്നു. ശരീരത്തെ ശുദ്ധീകരിച്ച് രോഗവിമുക്തവും നവവുമാക്കാൻ സസ്യങ്ങളേപ്പോലെ മറ്റൊന്നിനും സാധ്യമല്ല. എന്നതിനാൽ ഔഷധികൾക്ക് മുൻതൂക്കം നൽകുന്നു.



# മഹദ് വചനങ്ങൾ

1. വായനയോളം ചെലവ് കുറഞ്ഞതും നിത്യഫലം ചെയ്യുന്നതുമായ മറ്റൊരു വിനോദമില്ല.

   ലേഡി മൊണ്ടേഗ്

2. വായച്ചതയവിറക്കുക, വായിച്ച് വായിച്ച് വളരുക, വലുതാവുക.

   കുഞ്ഞുണ്ണിമാഷ്

3. വായനയാണ് വാസനയ്ക്ക് സുഖം വളം

   കുഞ്ഞുണ്ണിമാഷ്

4. ഒരു നല്ല ഗ്രന്ഥശാല ഒരു യഥാർത്ഥ സർവ്വകലാശാലയാണ്.

   കാർലൈൻ

5. നല്ല പുസ്തകം പരിധിയില്ലാത്ത നമ്മുടെ ചക്രവാളമാണ്.

   ഗാന്ധിജി

6. വ്യക്തികൾ മരിക്കും പക്ഷെ പുസ്തകങ്ങൾക്ക് മരണമില്ല.

   റൂസ്‌വെൽറ്റ്

# നുറുങ്ങുകൾ

1. പാൽ തൈരാക്കാൻ ചെറുനാരങ്ങനീര് പിഴിഞ്ഞ് ഒഴിക്കുക.

2. ഉപ്പ് കൂടുതൽ ഉള്ള ചാറുകറികളിൽ കരിക്കട്ട ഇട്ടാൽ മതി.

3. ഉണക്കമീനിന്റെ ഉപ്പ് കളയുന്നതിന് വെള്ളത്തിൽ ന്യൂസ്പേപ്പർ ഇടുക.

4. ചൂടുവെള്ളത്തിൽ ഇട്ട ചെറുനാരങ്ങ മുറിച്ച് പിഴിഞ്ഞാൽ കൂടുതൽ നീര് കിട്ടും.

5. പത്തായത്തിലെ നെല്ലിൽ ചെള്ള് കേറാതിരിക്കാൻ തെരുവയുടെ തണ്ട് മുറിച്ച് ഇട്ടാൽ മതി.

6. മെഴുകുതിരി ഫ്രിഡ്ജിൽ വച്ചശേഷം കത്തിച്ചാൽ കൂടുതൽ സമയം കത്തും.

7. പഴുത്ത തക്കാളി ഉപ്പുവെള്ളത്തിൽ സൂക്ഷിച്ചാൽ ചീത്തയാവില്ല.

8. കുടംപുളിയ്ക്ക് ഉറ കൂടാൻ ഇല്ലത്തിങ്കരി അരച്ച് പുരട്ടുക.



# ജ്ഞാനപീഠത്തിൽ ഒ.എൻ.വി.

മലയാണ്മയ്ക്കുമേൽ കവിതയ്ക്ക് പൂന്തെന്നൽ വിരിച്ച കവി ഒ.എൻ.വി. കുറുപ്പിന് 2007-ലെ ജ്ഞാനപീഠ പുരസ്കാരം. പ്രശസ്ത ഒറിയ കവി സീതാകാന്ത് മഹാപാത്രയുടെ അദ്ധ്യക്ഷതയിലുള്ള വിധി നിർണ്ണയസമിതിയാണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്. അഞ്ച് ലക്ഷം രൂപയും പ്രശസ്തിഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

പ്രഥമ ജ്ഞാനപീഠം 1968-ൽ മഹാകവി ജി. ശങ്കരക്കുറുപ്പിന് ലഭിച്ചശേഷം ആദ്യമായാണ് മലയാള കവിതയെ തേടി ഇന്ത്യൻ സാഹിത്യ ലോകത്തെ പരമോന്നത പുരസ്കാരം എത്തുന്നത്. ജ്ഞാനപീഠം നേടുന്ന അഞ്ചാമത്തെ മലയാള സാഹിത്യകാരനാണ് ഒ.എൻ.വി. ജ്ഞാനപീഠം നേടിയ മറ്റ് പ്രമുഖർ ശങ്കരക്കുറുപ്പ്, എസ്.കെ. പൊറ്റക്കാട്, തകഴി ശിവശങ്കരപ്പിള്ള, എം.ടി. വാസുദേവൻ നായർ എന്നിവരാണ്.

കാൽപനീകത നിറഞ്ഞ ഭാവനയും പരമ്പരാഗത ശിൽപഭംഗിയും നിറഞ്ഞ ഉദാത്ത കാവ്യങ്ങളിലേയ്ക്കും പുരസ്കാര സമിതിയിലും ശ്രദ്ധ ക്ഷണിച്ചു. “ഉജ്ജയിനി” യുടെയും സ്വയം മരണത്തിന്റേയും ഗായകൻ മലയാളത്തിന്റെ തനത് കാവ്യ സ്മരണയെ വീണ്ടെടുത്തു.



# സൗഹൃദപക്ഷി

ഹൃദയത്തിലായിരം വാക്കുകളെങ്കിലും
ഒരുവാക്കുമില്ലെന്റെ തൂലികയിൽ.
പറയുവാനേറെ കഥകളുണ്ടെങ്കിലും
പതിരായി മാറുമോ ശങ്കിപ്പു ഞാൻ.
കാണുവാൻ ചുറ്റിലും കാഴ്ചകളുണ്ടെങ്കിലും
കണ്ണുനീർ മൂടി ഞാൻ അന്ധയായി.
ചെയ്യുവാൻ കർമ്മങ്ങളുണ്ട് കരങ്ങളിൽ
ചങ്ങലക്കണ്ണികൾ പൊൻവളയായ്.
നിദ്രയിൽ നീളെ നിറയുന്നു സ്വപ്നങ്ങൾ
പങ്കിടാനാവില്ലയേകനായ് ഞാൻ.
എങ്കിലുമെന്നുടെ ചേതനയാകെ
നിൻഹൃദ്യ സൗഹൃദം തേൻ നിറച്ചു.
സൗഹൃദ പക്ഷീ... നീ പാടൂ എനിക്കായി
മഞ്ഞു പൊതിഞ്ഞൊരീ താഴ്‌വരയിൽ.
സ്നിഗ്ദ്ധം മധുരം നിൻ സംഗീതം
ഈ മരച്ചില്ലയും പൂത്തിടട്ടെ.




അയഞ്ഞ പാന്റും, ഇറുകിയ കോട്ടും, കീറിപ്പിന്നിയ തൊപ്പിയും, പാകമാകാത്ത ഷൂസും, കൈയ്യിലൊരു മുള വടിയുമായി പ്രാഞ്ചി പ്രാഞ്ചി നടക്കുന്ന ഈ മനുഷ്യനെഅറിയാത്തവരായി ആരുമില്ല. 1914-ൽ ആണ് Kid Auto Race at Venice എന്ന ചിത്രത്തിൽ ആദ്യമായി ഈ തെരുവ് തെണ്ടി പ്രത്യക്ഷപ്പെടുന്നത്.

ചാർളി ചാപ്ലിന്റെ ഏറ്റവും മികച്ച ചിത്രങ്ങളിൽ ഒന്നായ The Tramb 1915-ൽ ആണ് പുറത്തിറങ്ങിയത്. ദീർഘമായ പാതയിലൂടെ നടന്നുനീങ്ങുന്ന ആ തെരുവ് തെണ്ടിയെ വാഹനങ്ങൾ അവയുടെ കാറ്റിൽ മറച്ചിടുന്നുണ്ട്. മാന്യനാണെന്ന് സ്വയം ധരിക്കുന്ന അദ്ദേഹം ഒരു പമക്കാരനെപ്പോലെയാണ് പ്രവർത്തിക്കാൻ ശ്രമിക്കുന്നത്. സാൻവിച്ച് കഴിക്കുന്നതിന് മുമ്പ് പണക്കാർ കൈകൾ വൃത്തിയാക്കുന്നതുപോലെ കൈകൾ വൃത്തിയാക്കാൻ ശ്രമിക്കുന്നതും എല്ലാം ഓരോ കോപ്രായങ്ങളാണ്. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന തെണ്ടി കള്ളൻമാരിൽ നിന്നും ഒരു ധനികനായ കൃഷിക്കാരന്റെ മകളെ രക്ഷിക്കുന്നതോടെ കഥയുടെ ഗതി മാറുന്നു. നന്ദിയോടെ അവൾ അയാളെ തോട്ടത്തിലെ സഹായി അക്കുന്നു. പക്ഷെ ആ പഴയ കള്ളന്മാർ വീണ്ടും രംഗപ്രവേശനം ചെയ്യുന്നു. അവരെ ഓടിക്കുന്നതിനിടെ വീട്ടുടമയുടെ അബദ്ധത്തിലുള്ള വെടിയേറ്റ അയാൾക്ക് ആദ്യമായി സ്നേഹവും, അനുകമ്പയും ആ കുടുംബത്തിൽനിന്നും ലഭിക്കുന്നു.

എന്നാൽ അതെല്ലാം പെട്ടെന്ന് അവസാനിക്കുന്നു. സുന്ദരിയായ പെൺകുട്ടിയുടെ പ്രതിശ്രുത വരൻ വരുന്നതോടെ തന്റെ സ്വപ്നങ്ങളെല്ലാം സ്വപ്നങ്ങൾ തന്നെയാണെന്ന് തിരിച്ചറിഞ്ഞ് ആ തെരുവ് തെണ്ടി തെരുവിലേയ്ക്ക് തന്നെ തിരിച്ചിറങ്ങുന്നു.

മൂകാഭിനയത്തിന്റെ സാധ്യതകൾ അദ്ദേഹം പരമാവധി ഈ ചിത്രത്തിൽ ഉപയോഗിച്ചിരിക്കുന്നു. ഈ തെണ്ടിയുടെ നിഷ്കളങ്കമായ പൊട്ടത്തരങ്ങൾ, ഹാസ്യം, സമ്പന്നതയുടേയും ദാരിദ്ര്യത്തിന്റേയും വിടവുകളെ കൂട്ടുന്ന വ്യവസ്ഥിതികളെ ലക്ഷ്യമാക്കിയാണെന്ന് അദ്ദേഹം അവതരിപ്പിക്കുന്നു. ലോകം മുഴുവനും ഇത്ര പ്രസക്തമായ ഒരു നടനും സംവിധായകനും വേറെയില്ല. “യേശുവിനെക്കുറിച്ച് ഇതുവരെ കേട്ടിട്ടില്ലാത്തവർപോലും ഈ മഹാനായ തെണ്ടിയെ തിരിച്ചറിയുന്നു” ചാപ്ലിൻ ഒരിക്കൽ പറയുകയുണ്ടായി. ചാപ്ലിന്റെ ഓരോ ചലച്ചിത്രവും ഏകദേശം 35 കോടി ജനങ്ങൾ കണ്ടതായാണ് പഴയ കണക്ക്.



# പരിസ്ഥിതി സംരക്ഷണം നമ്മളിൽ

സൗരയുഥത്തിൽ ജീവസാന്നിധ്യമുള്ള ഒരേയൊരു ഗ്രഹമാണ് ഭൂമി. ജൈവവൈവിധ്യവും വിവിധ തരം ജീവജാലങ്ങളും ഭൂമിയുടെ മാത്രം പ്രത്യേകതകളാണ്. നമ്മുടെ ഭൂമിയ്ക്ക് അതിമനോഹരമായ ഒരു പ്രകൃതി തന്നെ സ്വന്തമായിട്ടുണ്ട്. മാനുഷിക പുരോഗതികളുടെ ഭാഗമായി നടന്ന വനവത്കരണവും നഗരവത്കരണവും മറ്റും നമ്മുടെ പ്രകൃതിയുടെ താളം തെറ്റിച്ചു. കഠിനമായ ചൂടും, തോരാത്ത മഴയും ഇതിന്റെ അടയാളങ്ങളാണ്. ദിനംതോറും നമ്മുടെ പ്രകൃതി നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെല്ലാം എതിരെ നാം മുൻകൈയ്യെടുത്ത് പ്രവർത്തിച്ചാൽ മാത്രമെ ഭൂമിയെ നമുക്ക് നശീകരണത്തിൽനിന്നും കരകയറ്റാനാകൂ. ഇതിലേയ്ക്ക് വെളിച്ചമോതാൻ ഈ ഉപന്യാസം വഴിതെളിക്കട്ടെ.

ഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ നിർണായകമായ പങ്കാണ് പ്രകൃതി വഹിക്കുന്നത്. ഭൂമിയിലെ ജീവജാലങ്ങളെല്ലാം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. സസ്യങ്ങളിൽ നിന്നും തുടങ്ങുന്ന ഭക്ഷ്യശൃംഖല ജീവന്റെ അവസാനകണ്ണിയിലെത്തുമ്പോഴേയ്ക്കും അതിലെ അംഗങ്ങൾ വർദ്ധിച്ചുവന്നിരിക്കും. ഇതിലെ ഒരു കണ്ണിയുടെ തകർച്ച പിന്നീടുള്ള എല്ലാ കണ്ണികളേയും ബാധിക്കും. ഉദാഹരണത്തിന് തവള എന്ന ജീവിക്ക് വംശനാശം വന്നാൽ തവള ആഹാരമാക്കുന്ന കൊതുക് പോലുള്ള പ്രാണികളുടെ വർദ്ധനവിന് വഴിയൊരുക്കുന്നു. പ്രകൃതിയുടെ താളം തെറ്റാൻ ഇത് മതിയാകുന്നതാണ്. മനുഷ്യന്റെ കൊടും ക്രൂരതകളാൽ നമ്മുടെ ഭക്ഷ്യശൃംഖലയിലെ ഒട്ടുമിക്ക ജീവികളും ഇന്ന് വംശനാശത്തിന്റെ വക്കിലാണ്.

ഭൂമിയുടെ നിലനിൽപ്പിന് തന്നെ അടിസ്ഥാനമായ ഘടകമാണ് വൃക്ഷങ്ങൾ. അന്തരീക്ഷത്തിലെ കാർബൺഡൈ ഓക്സൈഡ് വലിച്ചെടുത്ത് ഓക്സിജൻ പുറത്ത് വിട്ട് നമുക്ക് ജീവവായു പ്രദാനം ചെയ്യുന്നവരാണ് വൃക്ഷങ്ങൾ. നഗരവൽക്കരണത്തിന്റെ ഭാഗമായി ഈ ജീവദായനികളെ മുറിച്ച് മാറ്റുകയാണ് നാം ഇന്ന് ചെയ്യുന്നത്. വർഷ ബിന്ദുക്കൾ ഏറ്റുവാങ്ങി വേരുകളിലൂടെ മണ്ണിലേയ്ക്കിറങ്ങി മണ്ണിനെജല സമ്പുഷ്ടമാക്കുന്നവരാണ് വൃക്ഷങ്ങൾ. കാറ്റിനെതടഞ്ഞുനിർത്തി മഴ പെയ്യിക്കുന്നതും അവർ തന്നെ. ഇന്ന് ഭൂമിയിലെ മഴക്കാടുകളും നിബിഡ വനങ്ങളും ചെറു വനങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇതിന്റെ പരിണിതഫലമെന്നോണം ചൂട് ക്രമാതീതമായി വർദ്ധിക്കുകയും കാലാവസ്ഥാവ്യതിയാനങ്ങൾ സംഭവിക്കുകയും ചെയ്യുന്നു.

മലിനീകരണമാണ് ഇന്ന് പ്രകൃതി നേരിടുന്ന മറ്റൊരു വെല്ലുവിളി. മണ്ണ് മലിനീകരണം, ജല മലിനീകരണം, അന്തരീക്ഷ മലിനീകരണം തുടങ്ങിയവ ഇന്ന് പ്രകൃതിയെ നശിപ്പിക്കുന്നു. വ്യവസായവൽക്കരണത്തിന്റെ നിരക്ക് കൂടുന്നതിനനുസരിച്ച് മലിനീകരണത്തിന്റേയും തോത് കൂടുന്നതായി കാണാം.



# *Thoughtable Thoughts*

LIFEIS A BOOK - STUDY IT
LIFE IS BEAUTY – WORSHIP IT
LIFE IS A CHALLENGE – MEET IT
LIFE IS A DREAM – REALIZE
LIFE IS A SORROW – OVERCOME IT
LIFE IS A TRAGEDY – FACE IT
LIFE IS A SONG - SING IT
LIFE IS A LOVE – ENJOY IT
LIFE IS A GAME - PLAY IT
LIFE IS AN ADVENTURE – DARE IT
LIFE IS A STRUGGLE – ACCEPT IT
LIFE IS A DUTY – PERFORM IT
LIFE IS A JOURNEY – END IT

# FUNNY QUESTIONS

1. What is greater than God,
More evil than the devil,
the poor have it,
the rich need it,
and if you eat it , you will die

*Ans: : Nothing*

2. What can travel around the world while staying in a corner ?

*Ans: Stamp*

3. What has hands but cannot claps ?

*Ans: A clock*

4. What is made of water, but if you put it into water it will die ?

*Ans : An ice cube*

5. I magine you are in a dark room. How do you get out ?

*Ans : Stop imagining*

6. What invention lets you look right through a wall ?

*Ans : Window*

7. Take off my skin- I won't cry , but you will . What am I ?

*Ans : An onion*

8. During which month do people sleep least ?

*Ans : February*

9. Who makes it , has no need of it.
Who buys it , has no use for it
Who uses it can neither see nor feel it.
What is it ?

*Ans : Coffin*

10. I 'm tall when I 'm short when I'm old.
What am I ?

*Ans : Candle*

11. You can drop me from the tallest building and I will be fine ,
but if you drop me in water I die . What am I

*Ans : Paper*




*In winter I getup at night*
*And dress by yellow candle light*
*In summer ,quiet the other way,*
*I have to go to bed by day.*

*I have to go to bed and see*
*The birds still hopping on the tree*
*Or here the grown-up people's feet*
*Still going past me in the street*

*And does it not seem hard to you*
*When all the sky is clear and blue*
*And I should like so much to play,*
*To have to go to bed by day.*

# MOM

**LOVE +CARE+HELP+FIGHT+LIFE=MOTHER**

## Who is MOTHER ?

MOTHER is our life. Everything. I think that in this new generations Mothers are not considered important. Only his/her friend is important. One should realize that mother is our god. She cares us, love us, help us, fights with us. Does your friend care you? A mother isn always tensed about her child`s life. Does your friend brother about your life? A friend can`t care or love you like your mother. Have you noticed something when you get into school bus, your mother`s heart beat gets faster and when you come back only your mother gets calm. It means that she is very bothered about you. This is MOTHER. Don`t make your mom feel sad by your mistakes .Care your mom, love your mom. Mother is the most precious one in the world.




*I have a parrot*
*Who loves green*
*She doesn't eat carrot*
*And is fond of beans*
*The beak of my bird*
*Is Red and strong*
*And I'm sure you've heared*
*Her lovely song .*

# THE FOX AND THE LION



Once upon a time a fox lived in a forest.He had never seen a Lion.One day he met one,and was so terrified at the sight of him that he was about to die with fear.After a while he met him again,and was still rather frightened,but not nearly so much as he had been when he met him first.But,when he saw him for the third time he was so far from being afraid that he had known him and began to talk to him as if he had known him all his life.Soon they became great friends

## നന്ദി

കാലത്തിന്റെ മാറ്റത്തിനൊപ്പം
കാലത്തിനൊത്ത
പഠനോപകരണങ്ങളുടെ സഹായത്തോടെ
കണ്ടും കേട്ടും അനുഭവിച്ചും
വിജ്ഞാനത്തിന്റെ വിശാല
ലോകത്തിലേക്ക് കുതിക്കുന്ന
പുതുതലമുറയുടെ ഭാഗമാകാൻ
കഴിഞ്ഞതിനാൽ ഞങ്ങൾ
അഭിമാനിക്കുന്നു. ഇത് ഒരു
ഒത്തൊരുമയുടെ പ്രതിഫലനമാണ്.
നിർദ്ദേശങ്ങൾ നൽകിയും
രചനകൾ സംഭാവനചെയ്തും
സഹായിച്ചവർ അനവധി,
ലിറ്റിൽ കൈറ്റ്സിന്റെ
സംരംഭം എന്ന നിലയിൽ
ഈ ഡിജിറ്റൽ മാഗസിൻ
എല്ലാവരുടേയും മനസ്സിൽ
ഒരു അണയാത്ത ദീപമാകട്ടെ
എല്ലാവരോടും ഒറ്റ വാക്ക്

**നന്ദി...**